# PROCEEDINGS OF THE COCHIN DEVASWOM BOARD

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർക്ക് പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന: 1. ബി.പി.എ4. 1709/2020 തിയ്യതി 21/03/2020
2. G.O.(Rt) No. 1762/2020/GAD dt. 05/06/2020
3. ബഹു.ബോർഡ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 06/06/20 ലെ ആലോചന യോഗം.
4. ബഹു.ബോർഡിന്റെ 06/06/20 ലെ 1-ാം നമ്പർ യോഗ തീരുമാനം

**ഉത്തരവ് നമ്പർ എം.3484/20 തിയ്യതി 06/06/2020**

കോവിഡ്-19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗണിനെ തുടർന്ന് കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർക്ക് പ്രവേശനം നിരോധിച്ച് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന് കേരള സർക്കാരിന്റെ സൂചന (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 09/06/2020 മുതൽ കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും ഭക്തർക്ക് പ്രവേശനം അനുവദിച്ച് സൂചന (4) പ്രകാരം ഉത്തരവാകുന്നു.

1. സർക്കാർ നിർദ്ദേശിച്ച മുഴുവൻ നിബന്ധനകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് 09/06/2020 മുതൽ കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും ഭക്തർക്ക് പ്രവേശനം അനുവദിച്ച് ഉത്തരവാകുന്നു.
2. 09/06/2020 നു മുമ്പായി കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും അണുനശീകരണം നടത്തേണ്ടതാണ്.
3. 10 വയസിന് താഴെയും 65 വയസിന് മുകളിലും പ്രായമുള്ള ഭക്തരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല. മാസ്ക് ധരിക്കാത്ത ഭക്തരെ യാതൊരു കാരണവശാലും ക്ഷേത്രത്തിന് അകത്തേക്ക് പ്രവേശിപ്പിക്കരുത്.
4. ലിക്വിഡ് സോപ്പ് ഉപയോഗിച്ച് കൈ കഴുകാനുള്ള സൗകര്യം എല്ലാ ക്ഷേത്രങ്ങളിലും ബന്ധപ്പെട്ട DM/DO/JDO എന്നിവർ ഉറപ്പ് വരുതേണ്ടതാണ്.
5. ക്ഷേത്രത്തിൽ ജോലി ചെയ്യുന്ന ജീവനകാർക്ക് ആവശ്യമായ മാസ്ക്, ഗ്ലൗസ്, സാനിറ്റൈസർ, ലിക്വിഡ് സോപ്പ് എന്നിവ ലഭ്യമാകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട DM/DO/JDO എന്നിവർ സ്വീകരിക്കേണ്ടതാണ്. ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ സംഖ്യ അനുവദിച്ച് നൽകുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണർമാരെ ചുമതലപെടുത്തി ഉത്തരവാകുന്നു.
6. ഭക്തജനങ്ങളുടെ പ്രവേശനത്തിന് ക്ഷേത്ര ഉപദേശക സമിതി അംഗങ്ങളുടെ സഹകരണം ബന്ധപ്പെട്ട DM/DO/JDO എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്.
7. ക്ഷേത്രത്തിനകത്തേയ്ക്ക് നിശ്ചിത എണ്ണത്തിൽ (ഒരേ സമയം 10 പേർ) കൂടുതൽ ഭക്തരെ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.
8. ക്ഷേത്രത്തിനകത്തേയ്ക്ക് ഒരു വഴിയിലൂടെ മാത്രം പ്രവേശനം ഏർപ്പെടുത്തുകയും മറ്റൊരു വഴിയിലൂടെ മാത്രം പുറത്തേയ്ക്ക് കടത്തിവിടുന്നതിനും വേണ്ടിയുള്ള ക്രമീകരണം ബന്ധപ്പെട്ട DM/DO/JDO എന്നിവർ സ്വീകരിക്കേണ്ടതാണ്.
9. ജീവനക്കാരെ ഉപയോഗിച്ച് ക്ഷേത്രത്തിൽ എത്തുന്ന ഭക്തരുടെ മൊബൈൽ നമ്പർ സഹിതമുള്ള പൂർണ്ണമായ മേൽവിലാസം തിയ്യതിവച്ച് എഴുതി സൂക്ഷിക്കേണ്ടതാണ്.

Scanned with CamScanner

10. ഭക്തർ ക്ഷേത്രത്തിലേയ്ക്ക് വഴിപാടായി സമർപ്പിയ്ക്കുന്ന നിവേദ്യ സാധനങ്ങൾ (തുലാഭാരം അടക്കം) ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ സ്വീകരിയ്ക്കേണ്ടതില്ല.

11. ക്ഷേത്രത്തിൽ ഭക്തർക്ക് സ്വയം എടുക്കത്തക്ക വിധം ചന്ദനം, തീർത്ഥം എന്നിവ പാത്രങ്ങളിൽ വയ്ക്കുവാൻ പാടുള്ളതല്ല.

12. ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തിയ ഒരു ബോർഡ് ക്ഷേത്രത്തിന് പുറത്ത് ഭക്തജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് ബന്ധപ്പെട്ട DM/DO/JDO എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

13. മേൽ പറഞ്ഞ നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കപ്പെടുന്നുണ്ടെന്ന് അതാത് ചെക്കിംഗ് സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ എന്നിവർ ഉറപ്പ് വരുത്തേണ്ടതും,അസിസ്റ്റന്റ് കമ്മീഷ്ണർമാരുടെ പൂർണ്ണമായ മേൽനോട്ടം ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

14. നിബന്ധനകൾക്ക് വിധേയമായി ഭക്തർക്ക് ക്ഷേത്രദർശനം നടത്തുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സം നേരിടുന്ന പക്ഷം പോലീസിന്റെ സഹായം സ്വീകരിയ്ക്കുന്നതിന് ബന്ധപെട്ട DM/DO/JDO എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(By Order)

Secretary

To,

CA to SDC, Secy to Board, EE, Dy.Commr, Dy.Secy.
FAO, All ACs, All DM/DO/JDO, All CIs,RIs, SM, LO,
CVO, KSA, SF, File

Scanned with CamScanner